SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL
Samasthalayam, Chelari, P.O. Thenhipalam, Malappuram-673 636.
Tel: 2400530, 2400749, Fax: 2400530 (0494)
website: www.skjmcc.com, Email: skjmccchelari@gmail.com

സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ 60-ാം വാർഷികം. 2019 ഡിസംബർ 27, 28, 29 (വെള്ളി, ശനി, ഞായർ) എറണാകുളം

***റെയ്ഞ്ച്, ജില്ല ജംഇയ്യത്തുൽ മുഅല്ലിമീൻ ഭാരവാഹികളെ അറിയിക്കുന്നത്***

മാന്യരെ, السلام عليكم

ജംഇയ്യത്തുൽ മുഅല്ലിമീൻ അറുപതാം വാർഷികത്തിന്റെ ഭാഗമായി നിർദേശിക്കപ്പെട്ട കർമപദ്ധതികൾ ക്രമാനുഗതവും സമയബന്ധിതവുമായി മദ്റസാ മഹല്ല്, റെയ്ഞ്ച് ജില്ലാ തലങ്ങളിൽ നടന്നുവരുന്നു എന്ന് കരുതട്ടെ. കലാമത്സരം, പൊതു തിരഞ്ഞെടുപ്പ് പോലുള്ള കാര്യങ്ങളാൽ പരിപാടികളിൽ വല്ല താമസവും വന്നിട്ടുണ്ടെങ്കിൽ അവ പൂർത്തിയാക്കാൻ ബദ്ധശ്രദ്ധരാവണമെന്നും ഓരോ പരിപാടി നടന്നു കഴിയുമ്പോഴും റിപ്പോർട്ടുകൾ ഓഫീസിലേക്ക് അയക്കാൻ ശ്രദ്ധിക്കണമെന്നും പ്രത്യേകം ഉണർത്തുന്നു.

## ജില്ലകൾ നടപ്പാക്കേണ്ടത്

**2019 മാർച്ച് 26 പെൻഷനേഴ്സ് ആദരം:**

ജംഇയ്യത്തുൽ മുഅല്ലിമീന് കീഴിൽ പെൻഷൻ വാങ്ങുന്ന മുഅല്ലിംകളുടെ ഒരു സംഗമം 2019 മാർച്ച് 26 ചൊവ്വാഴ്ച രാവിലെ 11 മണിക്ക് പാണക്കാട് മർവ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നു. പരിപാടിയുടെ മഹത്തായ ഉദ്ഘാടനം ബഹു. പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ നിർവ്വഹിക്കുന്നതാണ്. ഓരോ ജില്ലാ പരിധിയിലുമുള്ള പെൻഷൻ വാങ്ങുന്ന മുഅല്ലിംകളെയും 10-ൽ കുറയാത്ത പൗരപ്രമുഖരെയും പരിപാടിയിൽ എത്തിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യണമെന്ന് റെയ്ഞ്ച്, ജില്ലാ ഭാരവാഹികളോട് അഭ്യർത്ഥിക്കുന്നു. പരിപാടിയിൽ പെൻഷൻ വാങ്ങുന്നവരെ ആദരിക്കുന്നതോടൊപ്പം ഏപ്രിൽ മാസത്തെ പെൻഷൻതുകയും വിതരണം ചെയ്യുന്നതാണ്.

ജില്ലാ പരിധിയിലെ റെയ്ഞ്ചുകളിൽ നിന്നു പെൻഷൻ പദ്ധതിയിലേക്ക് എത്തിക്കാൻ ഏറ്റ ഒരാളുടെ വാർഷിക പെൻഷൻ തുകയായ 12,000 രൂപ മാർച്ച് 20 മുമ്പ് ശേഖരിച്ചു പ്രസ്തുത പരിപാടിയോടനുബന്ധിച്ച് തയ്യാറാക്കിയ കൗണ്ടറിൽ ഏൽപിച്ചു റശീതി വാങ്ങേണ്ടതാണ്. റെയ്ഞ്ചുകളിൽ നിന്ന് ഏറ്റവും കൂടുതൽ തുക കലക്ട് ചെയ്യുന്ന 1,2,3 ജില്ലകൾക്ക് പരിപാടിയിൽ വെച്ച് പ്രത്യേകം സമ്മാനം നൽകുന്നതായിരിക്കും. അതിനാൽ ഓരോ റെയ്ഞ്ചിന്റെയും പെൻഷൻ വിഹിതം മാർച്ച് 20-ന് മുമ്പായി ജില്ലയെ ഏൽപിച്ചു പരിപാടി വിജയിപ്പിക്കാൻ ആവശ്യമായത് ചെയ്യണമെന്ന് റെയ്ഞ്ച് ഭാരവാഹികളോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

**2019 മെയ് 20-25. ജില്ലാതല ഖുർആൻ പാരായണ മത്സരം:**

പരിശുദ്ധ ഖുർആൻ അവതരിക്കപ്പെട്ട മാസമാണല്ലോ റമളാൻ. അതിന്റെ സ്മരണ നിലനിർത്താൻ റമളാൻ ആദ്യപകുതിയിൽ (മെയ് 20) ഓരോ ജില്ലയിലെയും ദർസ്, മദ്റസാ വിദ്യാർത്ഥികൾക്ക് ഖുർആൻ പാരായണ മത്സരം സംഘടിപ്പിക്കേണ്ടതാണ്. സുഫ്ല (5,6,7,8 ക്ലാസുകൾ), ഉൽയാ (10,11,12 ക്ലാസുകൾ), ദർസി എന്നിങ്ങനെ മൂന്ന് വിഭാഗമാക്കി മത്സരം നടത്താവുന്നതും 1,2,3 സ്ഥാനക്കാർക്ക് അനുയോജ്യമായ സമ്മാനം നൽകേണ്ടതുമാണ്.

വാണിജ്യ വ്യവസായ സ്ഥാപനങ്ങളെയോ പൗരപ്രമുഖരെയോ കണ്ടെത്തി മത്സരപരിപാടികളും സമ്മാനങ്ങളും സ്പോൺസർ ചെയ്യിക്കാവുന്നതാണ്.

*മറുപുറം*

# റെയ്ഞ്ചുകൾ നടപ്പാക്കേണ്ടത്

**2019 ഏപ്രിൽ 1 – 10. മദ്റസാതല സമ്മേളനം:**

ഓരോ റെയ്ഞ്ചിലെയും മഹല്ലുകൾക്ക് കീഴിൽ മുഴുവൻ ജനങ്ങളെയും സംബന്ധിപ്പിച്ചുകൊണ്ട് മദ്റസാതല സമ്മേളനം സംഘടിപ്പിക്കേണ്ടതാണ്. പരിപാടിയിൽ മുഖ്യപ്രഭാഷണം എന്ന നിലയിൽ ബഹു. അബ്ദുസ്വമദ് പൂക്കോട്ടൂരിന്റെ ശബ്ദസന്ദേശം കേൾപിക്കേണ്ടതും തുടർന്ന് താഴെ പറയുന്ന വിധം രണ്ട് പഠന ക്ലാസുകൾ നടത്തേണ്ടതുമാണ്.

**ക്ലാസ് 1. തസ്കിയത്ത്-സംസ്കരണം.** (കർമവിരക്തി, അനാശാസ്യം, ലഹരി ഉപയോഗം, ജീവിത ലക്ഷ്യം, ആത്മ വിശുദ്ധി എന്നിവ ആസ്പദമാക്കണം.)

ക്ലാസ് 2. ജംഇയ്യത്തുൽ മുഅല്ലിമീൻ അറുപതിന്റെ നിറവിൽ, (സമസ്തക്ക് കീഴിൽ മുഅല്ലിംകൾ കാഴ്ച വെച്ച ദീനീ ചൈതന്യം, അവരുടെ ജീവിത പ്രയാസങ്ങൾ, എസ്.കെ.ജെ.എം.സി.സി. കർമ രംഗത്ത് കാഴ്ച വെച്ച നിസ്തുല സേവന സഹായ മാതൃക എന്നിവ വിശദീകരിക്കണം.)

**ക്ലാസ് അവതാരകൻ: മുദർരിബ്.**

**2019 മെയ് 8 – 20 . ഖുർആൻ തജ്‌വീദ് പഠനം:** റമളാൻ പ്രഥമ ദശകത്തിൽ ഓരോ മദ്റസാ പരിധിയിലുമുള്ള വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ചു ഖുർആൻ, തജ്‌വീദ് പാരായണ പരിശീലന ക്ലാസ് നടത്തുക.

രണ്ടാം ദശകം, നന്മപാഠശാല-കുടുംബ, വ്യക്തി സംസ്കരണം ലക്ഷ്യമാക്കി തസ്കിയത്ത് ക്ലാസുകൾ നടത്തുക. മജ്‌ലിസുന്നൂർ, ദിക്ർ, ദുആ സദസ്സോടെ ക്ലാസ് സമാപിക്കുകയും ചെയ്യുക. ക്ലാസിന് എസ്.വൈ.എസ്, എസ്.എം.എഫ്, എസ്.കെ.എസ്.എസ്.എഫ്, ഇബാദ്, ദാഈ എന്നിവരുടെ സഹായം തേടാവുന്നതാണ്. ക്ലാസ് ചെലവിലേക്ക് സദസ്സിൽ വെച്ചുതന്നെ ആവശ്യമായ ഫണ്ട് ശേഖരണവും നടത്താവുന്നതുമാണ്.

ഓരോ പരിപാടി കഴിയുമ്പോഴും റിപ്പോർട്ട് പത്രങ്ങൾക്ക് നൽകേണ്ടതും കോപ്പി ഓഫീസിലേക്ക് അയക്കേണ്ടതുമാണ്.

എന്ന്

സമസ്താലയം
08-02-2019

ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി (ഒപ്പ്)
(സ്വാഗതസംഘം ജനറൽ കൺവീനർ)